**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നം : 1224** **10.08.2017 ലെ മറുപടിക്ക്**

## എൻ.സി.സി. കേഡറ്റുകൾക്ക് ഗ്രെയ്സ് മാർക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ.കെ. വിജയൻ : | | പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എൻ.സി.സി. കേഡറ്റുകൾക്ക് എസ്.എസ്.എൽ.സി. പരീക്ഷക്ക് ഗ്രെയ്സ് മാർക്ക് നൽകുന്ന സമ്പ്രദായം നിലവിലുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എൻ.സി.സി. കേഡറ്റുകൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം? | (ബി) | എൻ.സി.സി. കേഡറ്റുകൾക്ക് താഴെ പറയുന്ന പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകി വരുന്നു. വിദ്യാഭ്യാസ ആനുകൂല്യം: 5% മുതൽ 10% വരെ ഗ്രെയ്സ് മാർക്ക് SSLC/THSLC, +2/VHSC എന്നീ കോഴ്സുകൾക്ക് നൽകി വരുന്നു. വിവിധ യൂണിവേഴ്സിറ്റി കോഴ്സുകൾക്ക് 1% മുതൽ 25% വരെയും, പോളിടെക്നിക് കോഴ്സുകൾക്ക് 1% മുതൽ 5% വരെയും ഗ്രെയ്സ് മാർക്ക് നൽകിവരുന്നു. കൂടാതെ ഉന്നത വിദ്യാഭ്യാസത്തിന് അഡ്മിഷൻ ലഭിക്കുന്നതിന് വേണ്ടി പ്ലസ്ടു-10, ഡിഗ്രി-15, പി.ജി.-5, ബി.എഡ്-5, ടി.ടി.സി.-10 എന്നിങ്ങനെ ഗ്രെയ്സ് മാർക്ക് നൽകിവരുന്നു. ഇതുകൂടാതെ എൻ.സി.സി. A,B,C സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക് 3, 5, 7 എന്നിങ്ങനെയും ഐ.ടി.ഐക്ക് 5, 7, 10 എന്നിങ്ങനെയും അധിക ബോണസ്സ് മാർക്കും നൽകി വരുന്നു. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ എഞ്ചിനീയറിംഗിന്-41 ഉം എം.ബി.ബി.എസിന്-02 ഉം ബി.എച്ച്.എം.എസിന്.-02 ഉം ബി.എ.എം.എസിന്-02 ഉം ബി.വി.എസ്.സിയ്ക്ക് -01 ഉം ബി.എസ്.സി. നഴ്സിംഗിന് -03 ഉം പോളിടെക്നിക്കിന്-50 ഉം ബി.ഫാമിന്-01 ഉം ജനറൽ നഴ്സിംഗിന്-02 ഉം എൽ.എൽ.ബിയ്ക്ക്-08 ഉം സീറ്റുകൾ വീതം എൻ.സി.സി കേഡറ്റുകൾക്ക് സംവരണം ചെയ്തിട്ടുണ്ട്.<br>റിപ്പബ്ലിക് ദിന പരേഡിലും ബന്ധപ്പെട്ട മറ്റുപരിപാടികളിലും പങ്കെടുത്തവർക്കും കേന്ദ്രീകൃത ക്യാമ്പുകളിലും അനുബന്ധമായുള്ള സാഹസിക ഇനങ്ങളിലും പങ്കെടുക്കുന്നവർക്കും ക്യാഷ് പ്രൈസ് |

ഉൾപ്പെടെയുള്ള സമ്മാനങ്ങൾ കേഡറ്റുകളുടെ മികവിനനുസരിച്ച് നൽകിവരുന്നു. കൂടാതെ യൂണിറ്റ് തലത്തിലും ഗ്രൂപ്പ് തലത്തിലും കേഡറ്റുകളായ പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രതിമാസ/ പ്രതിവർഷ നിരക്കിൽ സാമ്പത്തിക ആനുകൂല്യം നൽകിവരുന്നുണ്ട്.

ഇതിനു പുറമെ ഐ.എം.എ/ഒ.റ്റി.എ/എൻ.ഡി.എ/ എയർ ഫോഴ്സ്/നേവൽ അക്കാഡമി/നാഷണൽ ഡിഫൻസ് അക്കാഡമി എന്നിവയിൽ ഏതിലെങ്കിലും അഡ്മിഷൻ ലഭിക്കുന്നവർക്ക് സാമ്പത്തിക ആനുകൂല്യം നൽകുന്നുണ്ട്.

യൂത്ത് എക്സ്ചേഞ്ചിംഗ് പ്രോഗ്രാം വഴി വിദേശരാജ്യം സന്ദർശിക്കുന്ന കേഡറ്റുകൾക്ക് കിറ്റ് അലവൻസും റിപ്പബ്ലിക്ദിന ക്യാമ്പിൽ പങ്കെടുക്കുന്ന ഓരോ കേഡറ്റുകൾക്കും മഫ്റ്റി ഡ്രസ്സ് വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു.

വിവിധ വിഭാഗങ്ങളിൽപ്പെടുന്ന എൻ.സി.സി. കേഡറ്റുകൾക്ക് അവരുടെ മികവിനനുസരിച്ച് മുഖ്യമന്ത്രി/ ഗവർണർ തലത്തിൽ പ്രഖ്യാപിക്കപ്പെടുന്ന മെഡലുകളും ട്രോഫിയും വിതരണം ചെയ്യുന്നതോടൊപ്പം റിപ്പബ്ലിക് ദിന ക്യാമ്പിൽ പങ്കെടുക്കുന്ന കേഡറ്റുകൾക്ക് വിദ്യാഭ്യാസ മന്ത്രി പ്രത്യേക സർട്ടിഫിക്കറ്റും നൽകുന്നു.

സെക്ഷൻ ഓഫീസർ